ALL SAINTS COLLEGE LIBRARY
THIVANDRUM

(Pages : 4)

H – 1963

Reg. No. : .....

Name : .....

First Semester B.A./B.Sc. Degree Examination, November 2019

First Degree Programme under CBCSS

Malayalam Language

Language Course II – Additional Language I

ML 1111.1 : മലയാള കവിത

(2014-2017 Admissions)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. എഴുത്തച്ഛന്റെ ജന്മദേശം എവിടെ?

2. ദിക്കുകളെ അടിസ്ഥാനമാക്കി പാട്ടുകളെ വേർതിരിച്ചിരിക്കുന്നത് എങ്ങനെ?

3. കുമാരനാശാന്റെ മൂന്ന് നായികമാരുടെ പേരെഴുതുക.

4. 'മലയാളകവിതയിലെ ഓർഫ്യൂസ്' എന്ന് വിശേഷിപ്പിക്കുന്നത് ആരെ?

5. ഇടശ്ശേരി എഴുതിയ നാടകത്തിന്റെ പേരെന്ത്?

6. 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കൃതി എഴുതിയതാര്?

7. 'മാപ്പുസാക്ഷി' എന്ന കവിത എഴുതിയതാര്?

8. ഒ.എൻ.വി. അഗ്നിശലഭങ്ങൾ എന്ന കവിത എഴുതിയ പശ്ചാത്തലം എന്ത്?

P.T.O.

9. 'കാളിദാസന്റെ ഏതു നാടകത്തിന്റെ സ്വാധീനതയാണ്' പുരൂരവസ് എന്ന കവിതയ്ക്കുള്ളത്?

10. കുരുക്ഷേത്രം എന്ന കവിത എഴുതിയതാര്?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'വിളയാടീടേണം വിജയനുമായി
ട്ടിളകാതെ നിന്നു കുറഞ്ഞൊരു നേരം'
- സന്ദർഭവും സ്വാരസ്യവും വിശദമാക്കുക.

12. വാസവദത്തയുടെ മാളികയെ കവി വർണ്ണിച്ചിരിക്കുന്നത് എങ്ങനെ?

13. 'അന്നു നീ ചെയ്തത് മറന്നിട്ടില്ല' ചന്തു അങ്ങനെ പറയാൻ കാരണമെന്ത്?

14. 'വിശപ്പിന്നു വിഭവങ്ങൾ
വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ
കൊതിയാമാർക്കും'
- സന്ദർഭം എഴുതി ആശയം വിശദമാക്കുക.

15. പോവല്ലേ, പോവല്ലേ, പോവല്ലേ ദേവി!
എന്നു പറയാൻ കാരണമെന്ത്?

16. 'ഉയിരിൻ കൊലക്കുടു-
ക്കാക്കാവുംകയറിനെ-
ഉഴിഞ്ഞാലാക്കിത്തീർക്കാൻ
കഴിഞ്ഞതല്ലേ ജയം?'
- സന്ദർഭം എഴുതി ആശയം വിശദമാക്കുക.

17. ചന്തുവും ഉണ്ണിയാർച്ചയും തമ്മിലുള്ള ബന്ധത്തിന്റെ സങ്കീർണ്ണഭാവങ്ങൾ വിശദീകരിക്കുക.

18. പുരൂരവസിനെ കവി എങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത്?

19. വിശ്വപ്രകൃതിയുടെ പകർപ്പായി 'നിത്യമേഘ'ത്തെ കാണാൻ കാരണമെന്ത്?

20. 'നൂനം മഹോന്നതം തന്നെ മലനാടു-
മാനിച്ചുയർത്തിപ്പിടിക്കുന്ന മേന്മകൾ'
- മേന്മകൾ എന്തെല്ലാം? വിശദമാക്കുക.

21. "ശ്യാമസുന്ദര മൃത്യുവും നിന്റെ
നാമമാണെന്നു ഞാൻ അറിയുന്നേൻ"
- ഇങ്ങനെ പറയാൻ കാരണമെന്ത്?

22. കവി തന്റെ വല്മീകത്തിൽ ധ്യാനലീനനായിരിക്കാൻ കാരണമെന്ത്?

(8 × 2 = 16 Marks)

III. **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. ചങ്ങമ്പുഴയുടെ കാവ്യ സങ്കല്പം 'കാവ്യനർത്തകി'യിൽ പ്രകടമാകുന്നതെങ്ങനെ?

24. "വജ്രം തുളച്ചിരിക്കുന്ന
രത്നങ്ങൾക്കുള്ളിലൂടെ ഞാൻ
കടന്നുപോന്നു ഭാഗ്യത്താൻ,
വെറും നൂലായിരുന്നു ഞാൻ!"
- സന്ദർഭം എഴുതി ആശയം വിശദീകരിക്കുക.

25. കാളിദാസ കാവ്യങ്ങൾ 'നിത്യമേഘത്തി'ൽ സമ്മേളിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.

26. ആരോമൽച്ചേകവർക്ക് അങ്കം ജയിക്കാൻ ഉണ്ണിയാർച്ച നിർദ്ദേശിക്കുന്ന ഉപായങ്ങൾ എന്തെല്ലാം?

27. താനൊരു ദന്തഗോപുരവാസിയായ കവിയല്ലെന്ന് വയലാർ വിവരിക്കുന്നതെങ്ങനെ?

28. ഉപേക്ഷിക്കപ്പെടാൻ പോകുന്ന അമ്മ മകന്റെ മനസ്സിൽ ഉളവാക്കിയ സ്മരണകൾ എന്തെല്ലാം?

29. 'ഇത്തറവാടിത്ത ഘോഷണത്തെപ്പോലെ
വ്യർത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ'
- തറവാടിത്തഘോഷണം അപഹാസ്യമെന്ന് പറയാൻ കാരണമെന്ത്?

30. 'നന്ദി പറയുന്നു നിങ്ങൾക്കു, നീലിച്ച
സുന്ദരിമാരേ വിധേയമീ കേരളം'
- എന്തിനാണ് നന്ദി പറയുന്നത് വിശദീകരിക്കുക.

31. പ്രണയത്തിന്റെ പൂർവ്വകാല സ്മരണകൾ 'ഊഞ്ഞാലിൽ' ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ?

(6 × 4 = 24 Marks)

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. എഴുത്തച്ഛന്റെ വർണ്ണനാരീതി 'പാർത്ഥസാരഥിവർണ്ണനം' മുൻനിർത്തി പ്രതിപാദിക്കുക.

33. പൊള്ളയായ നമ്മുടെ സംസ്കാരത്തെ പരിഹസിക്കുകയും കറുത്തചെട്ടിച്ചികളുടെ അധ്വാനത്തെ പ്രകീർത്തിക്കുകയും ചെയ്യുന്ന കവിതയാണ് ഇടശ്ശേരി എഴുതിയത് - ചർച്ച ചെയ്യുക.

34. ദളിത്ബോധത്തിന്റെയും സ്ത്രീപക്ഷ വീക്ഷണത്തിന്റെയും പാരിസ്ഥിതിക അവബോധത്തിന്റെയും അന്തർധാരകൾ നിറഞ്ഞ കവിതയാണ് കിരാതവൃത്തം - ഉപന്യസിക്കുക.

35. സ്ത്രൈണതയുടെ അന്തർദ്ദാഹം ആത്മീയദ്ദാഹമായി മാറുന്നു, 'അഭിസാരിക'യിൽ. - സമർത്ഥിക്കുക.

(2 × 15 = 30 Marks)